# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗവ. ട്രൈബൽ ഹൈസ്കൂൾ ഇടിഞ്ഞാർ

### ആമുഖം

തിരുവനന്തപുരം ചെങ്കോട്ട റോഡിൽ പാലോട് നിന്ന് 8 കിലോമീറ്റർ കിഴക്ക് മാറി ബ്രൈമൂർ എസ്റ്റേറ്റിന്റെ താഴ്‌വാരത്തായി കാണുന്ന പ്രദേശമാണ് ഇടിഞ്ഞാർ. ഇവിടുത്തെ താമസക്കാരിൽ കൂടുതലും പട്ടികജാതി, പട്ടികവർഗ്ഗ, ആദിവാസി വിഭാഗത്തിൽ പെട്ടവരാണ്. 1950– ഇൽ ഇന്നാട്ടുകാരനായ ശ്രീ അബ്ദുൽകനി തൻറെ മകളെ പഠിപ്പിക്കുന്നതിന് വേണ്ടി ഗോവിന്ദപിള്ള സ്വാമി എന്നൊരാളെ ഇവിടേക്ക് കൊണ്ടുവന്നു. തൻറെ കടമുറി തന്നെയാണ് ആദ്യം ക്ലാസ് മുറിയായി ഉപയോഗിച്ചത്. മകളും മറ്റു കുട്ടികളും കുറെക്കാലം പഠിച്ചു. ഒരിക്കൽ ഗോവിന്ദപിള്ളസ്വാമി ചിക്കൻപോക്സ് ബാധിച്ച് കിടപ്പിലായപ്പോൾ അബ്ദുൽകനിയുടെ പുത്രൻ ഇല്യാസുകുഞ്ഞ് ക്ലാസുകൾ തുടർന്നു. 1957–ൽ ഒരു വലിയ ഷെഡ്ഡിലേക്ക് ക്ലാസുകൾ മാറ്റുകയും കൂടുതൽ കുട്ടികളെ ചേർക്കുകയും ചെയ്തു.

ബ്രൈമൂർ എസ്റ്റേറ്റിലെ തൊഴിലാളികളുടെ മക്കൾ കൂടി പഠിക്കാൻ എത്തിയതോടെ വിദ്യാലയം വലുതായി. അതോടെ ശ്രീ ഇല്യാസുകുഞ്ഞ് സർക്കാരിന് അപേക്ഷകൾ നൽകുകയും ഈ വിദ്യാലയം എയ്ഡഡ് സ്കൂൾ ആക്കുകയും ചെയ്തു .1959 –ൽ അന്നത്തെ ഹരിജനക്ഷേമ വകുപ്പ് മന്ത്രിയായ ശ്രീ. ചാത്തൻ മാസ്റ്റർ സ്കൂളിനെ വെൽഫെയർ സ്കൂൾ ആക്കി ഉയർത്തുകയും ആദ്യ ഹെഡ്മാസ്റ്റർ ആയി ശ്രീ. ഇല്യാസുകുഞ്ഞിനെ നിയമിക്കുകയും ചെയ്തു. 1961–ൽ ഈ വിദ്യാലയം ട്രൈബൽ എൽ.പി. സ്കൂൾ ആക്കുകയും ചെയ്തു. 1968 കാലത്ത് ശ്രീമതി കെ. ആർ. ഗൗരിയമ്മ റവന്യൂ മന്ത്രി ആയിരുന്നപ്പോൾ സ്കൂളിന് 50 സെൻറ് സ്ഥലം അനുവദിച്ചു.നാലാം ക്ലാസു കഴിഞ്ഞ് കുട്ടികൾ പഠിക്കാൻ പോയിരുന്നത് പെരിങ്ങമ്മല യു.പി.എസിലായിരുന്നു. വനപ്രദേശത്തുനിന്നുള്ള യാത്രാക്ലേശം പരിഗണിച്ച് സ്കൂൾ അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ എടുക്കുകയും 1976– ൽ യു.പി. സ്കൂൾ യാഥാർത്ഥ്യമാക്കുകയും ചെയ്തു .1981– 82 അധ്യായനവർഷത്തിൽ ശ്രീ. ബേബിജോൺ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെടുകയും ചെയ്തു .നിലവിൽ പ്രീപ്രൈമറി ഉൾപ്പെടെ 165 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട് .

വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള അസൂത്രിതമായ അക്കാദകമിക പ്രവർത്തങ്ങൾ ഏറ്റെടുത്തുകൊണ്ട് മാത്രമേ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷത്കരിക്കാനാകൂ. ഇതിന് വേണ്ടിയാണ് ഓരോ വിദ്യാലയവും ആക്കാദെമിക് മാസ്റ്റർ പ്ലാൻ തയ്യാറാകുന്നത്. ഇടിഞ്ഞാർ ഗവ. ട്രൈബൽ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ആവശ്യം നടപ്പിലാക്കുന്നതിനും സ്കൂളിന് ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനിച്ചു. ഇതുവഴി മികച്ച നേട്ടം കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

### ഉള്ളടക്കം

ഭൗതിക സാഹചര്യങ്ങൾ

നിലവിൽ പ്രധാന കെട്ടിടം ഉൾപ്പെടെ നാല് കെട്ടിടങ്ങൾ ഉണ്ട്. എം.എൽ.എ. അനുവദിച്ച ഒരു കോടിയുടെ കെട്ടിടത്തിൽ L P ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. നിലവിലുള്ള നാല് കെട്ടിടങ്ങളിൽ പ്രധാന കെട്ടിടത്തിൽ ഓഫീസ്, സ്റ്റാഫ് റൂം, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, 8 ,9, 10 ക്ലാസ്സ് റൂം ,സയൻസ് ലാബ് എന്നിവയും പ്രധാന കെട്ടിടത്തിന്റെ മുകളിൽ യു.പി. ക്ലാസ്സ്റൂമുകളും, ചെറിയ സെമിനാർ ഹാൾ എന്നിവയും രണ്ടാമത്തെ കെട്ടിടത്തിൽ പ്രീ പ്രൈമറി ക്ലാസ്സ്റൂമുകളും മൂന്നാമത്തെ കെട്ടിടത്തിൽ അടുക്കള, മെസ് ഹാൾ എന്നിവയും പ്രവർത്തിക്കുന്നു. 8, 9 ,10 എന്നീ ക്ലാസ് റൂമുകൾ നവീകരിച്ച സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആണ്.2024– 25 വർഷം ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രധാന കെട്ടിടത്തിന്റെ മുകൾ ഭാഗം

ഓഡിറ്റോറിയം ആയി ക്രമീകരിച്ചിട്ടുണ്ട്... മൾട്ടി മീഡിയ ക്ലാസ്സ് റൂമായും ഉപയോഗിക്കുന്നുണ്ട്.പ്രധാന അധ്യാപിക ഉൾപ്പെടെ 11 സ്ഥിര അധ്യാപകരും മൂന്ന് ദിവസ വേതന അധ്യാപകരും ഉണ്ട്. ഹൈസ്കൂളിൽ മൂന്ന് സ്ഥിര അധ്യാപകരും, യു പി യിൽ മൂന്ന് സ്ഥിര അധ്യാപകരും എൽ പി യിൽ 4 സ്ഥിര അധ്യാപകരും സേവനം ചെയ്യുന്നു. ഓഫീസിൽ ഒരു ഓഫീസ് അറ്റൻഡറും ഒരു ക്ലാർക്കും ഒരു എഫ് ടി എം ഉം ഉണ്ട്.

## ലൈബ്രറി

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന ഗ്രന്ഥപ്പുര പദ്ധതിയുടെ ഭാഗമായി ഒരു സ്ഥിരം ലൈബ്രേറിയൻ സേവനം അനുഷ്ഠിക്കുന്നു. വളരെ സുസജ്ജമായ ഒരു ലൈബ്രറി സ്കൂളിൽ പ്രവർത്തിക്കുന്നു. ഏകദേശം 7000 ത്തിൽ പരം പുസ്തകങ്ങൾ ലൈബ്രറിയിൽ ഉണ്ട്. ഓരോ വിഭാഗങ്ങളിലുമായി പുസ്തകങ്ങൾ പ്രത്യേകം ഇനം തിരിച്ച് ക്രമീകരിച്ചിരിക്കുന്നു. ലൈബ്രറിയുടെ നേതൃത്വത്തിൽ കുട്ടികൾക്ക് പ്രയോജനകരമായ വളരെയധികം പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഇതിൽ പ്രധാനമായും വായനാമൃതം 2.3.എന്ന പേരിൽ തുടക്കം കുറിച്ച പദ്ധതി ഇപ്പോൾ വായനാമൃതം 2.5 എത്തി നിൽക്കുകയാണ്. ഇതിലൂടെ ലക്ഷ്യമിടുന്നത് എല്ലാ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും ലോകത്തിലേക്ക് കൈപിടിച്ചു കൊണ്ടുവരിക എന്നതാണ്. കുട്ടികൾ ഇത് നല്ല രീതിയിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കി കൊണ്ടുവരിക, വായനാമരം വരയ്ക്കുക എന്നിങ്ങനെ ഒട്ടനവധി പ്രവർത്തനങ്ങൾ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികൾക്ക് അവരവരുടെ ഇഷ്ടാനുസരണം പുസ്തകങ്ങൾ എടുക്കാനും വായിക്കുവാനുമായി ആഴ്ചയിൽ രണ്ട് ലൈബ്രറി പിരീഡുകളാണ് ഓരോ ക്ലാസിലും ക്രമീകരിച്ചിരിക്കുന്നത്. കുട്ടികൾക്ക് വായനയോടുള്ള ഇഷ്ടം വളർത്തുന്നതായി ഇതുപോലുള്ള ഒട്ടനവധി പ്രവർത്തനങ്ങൾ ഇതിനോടകം സ്കൂൾ ലൈബ്രറിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. നല്ലൊരു ഭാവി തലമുറയെ വാർത്തെടുക്കാനും കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്താനും പുതിയൊരു വായനയുടെ സ്വർഗ്ഗം സൃഷ്ടിക്കാനും സ്കൂൾ ലൈബ്രറി കുട്ടികൾക്ക് പ്രയോജനകരമാകും എന്ന് ഉറപ്പിച്ചു പറയാം.

## ലാബ്

ഗണിത,ശാസ്ത്ര ലാബുകൾ സ്കൂളിൽ പ്രവർത്തിക്കുന്നു. ആർ എം എസ് എ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സയൻസ് ലാബ് ഹയർ സെക്കൻഡറി വിഭാഗത്തിന് കൂടി ഉപയോഗിക്കാൻ തക്കവണ്ണം വിപുലമാണ്.

### കമ്പ്യൂട്ടർ ലാബ്

8 കമ്പ്യൂട്ടറുകളും ഒരു പ്രൊജക്റ്ററും അടങ്ങിയതാണ് നമ്മുടെ കമ്പ്യൂട്ടർ ലാബ് കുട്ടികളുടെ IT പഠനത്തിന് വളരെ സഹായകമാണ് കമ്പ്യൂട്ടർ ലാബ്.Rotary club of Willowdale,Canada യും Rotary club of Technopark ഉം ചേർന്ന് നടപ്പിലാക്കിയ Wings of Wisdom (WOW) Project ലൂടെ കമ്പ്യൂട്ടർ ലാബിൽ 5 ഡെസ്ക്ടോപ്പും ഇൻവേർട്ടറും സ്ഥാപിച്ചു.ഈ പ്രോജക്ട് ന്റെ ഭാഗമായി കമ്പ്യൂട്ടർ ലാബിൽ എ സി ഫിറ്റ് ചെയ്തു.

## ടോയ്‌ലറ്റ്

പെൺകുട്ടികൾക്കായി ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ ഉൾപ്പെടെ നാല് ടോയ്‌ലറ്റുകളും ആൺകുട്ടികൾക്കായി രണ്ട് ടോയ്‌ലെറ്റുകളും ആണ് ഉള്ളത്. അധ്യാപകർക്കായി ജെന്റ്സിന് ഒന്നും ലേഡീസിന് ഒന്നും ടോയ്‌ലെറ്റുകൾ ഉണ്ട്.

### പാചകപ്പുര

പാചകത്തിനായി ഗ്യാസ് അടുപ്പ് ഉപയോഗിക്കുന്നു. പ്രധാന പാചകക്കാരിയും പ്രഭാതഭക്ഷണം തയ്യാറാക്കുന്നതിനായി ഒരു സഹായിയും കൂടിയുണ്ട്.

പ്രഭാത ഭക്ഷണ പരിപാടി

മുൻ H. M ആയിരുന്ന ശ്രീ. വാട്സൺ സാറിന്റെ പ്രയത്നത്താൽ നടപ്പിലാക്കിയ പദ്ധതിയാണിത്. അസംബ്ലിയിലും ക്ലാസുകളിലും കുഴഞ്ഞുവീഴുന്ന കുട്ടികളുടെ അവസ്ഥ മനസ്സിലാക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ വി. കെ. മധുവിനെ സമീപിക്കുകയും, ജി ജി ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹായത്തോടെ പ്രഭാത ഭക്ഷണ പരിപാടി ആരംഭിക്കുകയും ചെയ്തു. ജി ജി ചാരിറ്റബിൾ ട്രസ്റ്റിന്റെ ഫണ്ടിനോടൊപ്പം വിവിധ മേഖലകളിൽ നിന്ന് ഫണ്ട് കണ്ടെത്തി പരിപാടി വിജയകരമായി നടത്തിവരുന്നു.

പരിമിതികൾ

L P ക്ലാസുകൾ വേർതിരിച്ചിട്ടില്ല.പട്ടിക വർഗ്ഗക്കാരല്ലാത്ത കുട്ടികൾക്ക് വാഹന സൗകര്യം ഇല്ലാത്തതിനാൽ യാത്ര ബുദ്ധിമുട്ട് നേരിടുന്നു.അദ്ധ്യാപകർക്കും ജീവനക്കാർക്കും വാഹന സൗകര്യം കുറവായതിനാൽ സ്കൂളിലേക്ക് വരുന്നതിനും പോകുന്നതിനും ബുദ്ധിമുട്ട് നേരിടുന്നു.

**പഠന പുരോഗതിയ്ക്കായി സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ**

- **സംയുക്ത ഡയറി**
- **സചിത്ര പുസ്തകം**
- **ഗണിത വിജയം**
- **Helping Hand**
- **സുരീലി ഹിന്ദി**
- **ശ്രദ്ധ**
- **വായനാമൃതം**
- **സ്കൂൾ റേഡിയോ**
- **GOTEC (Global Opportunities through English Communication)**
- **ഫോക്കസ് 2.5**
- ക്ലാസ് മാഗസിൻ.
- **വിദ്യാരംഗം കലാ സാഹിത്യ വേദി.**
- **ക്ലബ്ബ് പ്രവർത്തനങ്ങൾ.**
- **നല്ലപാഠം പദ്ധതി**
- **ഫുട്ബാൾ**
- **ജൂനിയർ റെഡ്ക്രോസ്**

**സ്കൂൾ പ്രൊഫോർമ**

**Academic Year ( 2025 – 26)**

**വിദ്യാർത്ഥികളുടെ അംഗസംഖ്യ**

**വിദ്യാഭ്യാസ ഡയറക്ടറാഫീസ് , തിരുവനന്തപുരം**

| | |
|---|---|
| റവന്യൂ ജില്ലയുടെ പേര് | : തിരുവനന്തപുരം |
| വിദ്യാലയത്തിന്റെ പേര് | :ഗവ.ടി.എച്ച്.എസ്.ഇടിഞ്ഞാർ |
| വിലാസം | : ഇടിഞ്ഞാർ |
| ഇ-മെയിൽ വിലാസം | :hmidinjarschool@gmail.com |
| സ്കൂൾ കോഡ് | :42076 |
| ആൺകുട്ടികൾ/ പെൺകുട്ടികൾ/രണ്ടും കൂടിയുള്ളത് | :രണ്ടും കൂടിയുള്ളത് |
| സർക്കാർ /എയിഡഡ് /അൺഎയിഡഡ് | :ഗവൺമെന്റ് |
| ക്ലാസ് (സ്റ്റാൻഡേർഡ്) | :1 മുതൽ 10 |
| സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് | :ജനറൽ |
| വിദ്യാഭ്യാസ ഉപജില്ല | :പാലോട് |
| വിദ്യാഭ്യാസ ജില്ല | : ആറ്റിങ്ങൽ |
| സ്കൂൾ സ്ഥാപിച്ച വർഷം | :1971 |
| അസംബ്ലി നിയോജകമണ്ഡലം | :വാമനപുരം |
| പാർലമെന്റ് നിയോജക മണ്ഡലം | : ആറ്റിങ്ങൽ |
| റൂറൽ / അർബൻ | :റൂറൽ |
| ബ്ലോക്ക് | :വാമനപുരം |
| പഞ്ചായത്ത് | :പെരിങ്ങമ്മല |

| മേഖല : അക്കാദമികം | | ഉപമേഖല :മലയാളം | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലാവധി | പിന്തുണ |
| 1.എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുക | അർത്ഥപൂർണ്ണമായ വായന (ആശയ ഗ്രഹണ വായന) ഉറപ്പാക്കുക.<br>1. പത്രവായനയും വിശകലനവും.<br>പ്രതിദിനം ക്ലാസുകളിൽ ഗ്രൂപ്പായി പത്രവായന നടത്തുക വാർത്തകളോടുള്ള പ്രതികരണങ്ങൾ ചർച്ച ചെയ്യുക. ഉച്ചാരണശുദ്ധിയോടെ വായിക്കാൻ അവസരം ഒരുക്കുക. | മലയാളം അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ. | പിടിഎ |
| 2.എല്ലാ കുട്ടികളും ഓരോ പ്രായ ഘട്ടത്തിലും അനുയോജ്യമാവിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പാക്കുക | 2. ആഴ്ചപ്പതിപ്പുകൾ/ മാസികകൾ.<br>വായനയും വികസനവും.<br>ലൈബ്രറിയിലെയും സ്കൂൾ ലൈബ്രറിയിലെയും ആഴ്ചപ്പതിപ്പുകളും വായിക്കാൻ പ്രോത്സാഹിപ്പിക്കുക. | മലയാളം അധ്യാപിക, ലൈബ്രേറിയൻ | ജൂൺ മുതൽ മാർച്ച് വരെ. | സ്റ്റാഫ് ഫണ്ട് |
| 3.കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക. | ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ<br>ആഴ്ചയിൽ ഒരു പുസ്തകം വായിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക കുത്തകക്കുറിപ്പ് തയ്യാറാക്കൽ പുസ്തകത്തിലെ ആശയങ്ങളെ ആധാരമാക്കി ആവിഷ്കാരങ്ങൾ,ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന,ചർച്ച തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | മലയാളം അധ്യാപിക, ലൈബ്രേറിയൻ,ക്ലാസ്സ് ടീച്ചർ | ജൂൺ മുതൽ മാർച്ച് വരെ. | സ്റ്റാഫ് ഫണ്ട് |
| 4.സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക. | വായനക്കൂട്ടം.<br>പുസ്തകങ്ങൾ തിരഞ്ഞെടുത്തു ഓരോ കുട്ടിയും വായിച്ച് കുറിപ്പ് എഴുതി മറ്റുള്ളവരെ കേൾപ്പിക്കുക | മലയാളം അധ്യാപിക, ലൈബ്രേറിയൻ | ജൂൺ മുതൽ ഫെബ്രുവരി വരെ. | പിടിഎ |
| 5.ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്ന കഴിവ് നേടുക. | വായന വാരാചരണം പുസ്തക പ്രദർശനങ്ങൾ സംഘടിപ്പിക്കുക ആശയ വിനിമയ ശേഷിവികസിപ്പിക്കുക.<br><u>പൗരപ്രമുഖരുമായുള്ള സംവാദം.</u><br>സംവാദത്തിനായുള്ള തയ്യാറെടുപ്പ് നടത്തുക,പൗരപ്രമുഖരെ സ്കൂളിലേക്ക് ക്ഷണിക്കുക, സംവാദനത്തിനു ശേഷം അത് സംബന്ധിച്ച കുറിപ്പ് തയ്യാറാക്കുക.<br><br><u>സംവാദ സദസ്സുകൾ.</u><br>വിവിധ വിഷയങ്ങളിൽ സംവാദ സദസ്സുകൾ സംഘടിപ്പിക്കുക,പ്രസംഗം മത്സരങ്ങൾ,ഉപന്യാസരചന, രചന മത്സരങ്ങൾ നടത്തുക.<br><u>കുട്ടികളുടെ ആകാശവാണി.</u><br>വിശേഷദിനങ്ങൾ ദിനാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേക പരിപാടികൾ നാട്ടുവാർത്തകൾ രാജ്യ വാർത്തകൾ ലോക വാർത്തകൾ കായിക | സ്കൂൾ മേലധികാരി ,പി ടി എ,എം പി ടി എ | ജൂൺ മുതൽ മാർച്ച് വരെ. | പിടിഎ, എസ് ആർ ജി |

| | | | | |
|---|---|---|---|---|
| | വാർത്തകൾ,വിജ്ഞാനവേദി, പ്രഭാഷണങ്ങൾ അറിയിപ്പുകൾ,സർഗ്ഗ പരിപാടികൾ, കാവ്യാലാപനം എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുക.<br>മലയാളത്തിളക്കം പോലുള്ള നിലവിലെ പദ്ധതികൾ മെച്ചപ്പെടുത്തുക | | | |
| 6.ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക | സാഹിത്യാഭിരുചികൾ വളർത്തുകയും സർഗാത്മക രചനക്ക് അവസരം സൃഷ്ടിക്കുകയും ചെയ്യുക.<br>പതിപ്പുകൾ തയ്യാറാക്കൽ<br>കുട്ടികളുടെ പതിപ്പുകൾ ക്ലാസ് പതിപ്പുകൾ,എന്നിവ തയ്യാറാക്കുകയും അവയുടെ എഡിറ്റിംഗ് പരിശീലനം നൽകുകയും ചെയ്യുക.കവിതാസ്വാദനം,കഥ പറച്ചിൽ,കഥാ കഥനംതുടങ്ങിയവ ലക്ഷ്യം വെച്ചു കൊണ്ടുള്ള ക്യാമ്പുകൾ ആസൂത്രണം ചെയ്യുക..<br>സർഗാത്മക പ്രവർത്തനങ്ങൾ<br>പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം,നാടകാവിഷ്കാരം കവിതാലാപനം കഥ രൂപത്തിലുള്ള ആവിഷ്കാരം എന്നിവയ്ക്ക് അവസരം നൽകുക.ലഹരിവിരുദ്ധ മനോഭാവം വളർത്തിയെടുക്കുക വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ സംഘടിപ്പിക്കുക..<br>കുട്ടികളുടെ രംഗവേദികൾ<br>കുട്ടികളിൽ സാമൂഹിക മൂല്യങ്ങളും പൗരബോധവും വികസിപ്പിക്കാനുള്ള അവസരമായി ഇതിനെ പ്രയോജനപ്പെടുത്തുക. തെളിവാന o വര ക്കുന്നവർ എന്ന പുസ്തകം പ്രയോജനപ്പെടുത്തി ലഹരിക്കതിരായ നിലപാട് എടുക്കുന്നതിലേക്ക്<br>കുട്ടികളുടെ ചിന്തയെ വളർത്തിയെടുക്കാനുള്ള സാധ്യതകൾ ഉപയോഗിക്കുക. | മലയാളം ടീച്ചർ,പി ടി എ,എസ് ആർ ജി.<br><br>മലയാളം അധ്യാപിക സ്കൂൾ അധികൃതർ.<br><br>മലയാളം അധ്യാപിക സ്കൂൾ അധികൃതർ. | ജൂൺ മുതൽ ഫെബ്രുവരി വരെ. | പിടിഎ, സ്റ്റാഫ് ഫണ്ട്. |
| 7.ബാലസഭ ശക്തിപ്പെടുത്തുക | ബാലസഭ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക | മലയാളം അധ്യാപിക, ക്ലാസ് ടീച്ചർ.. | ജൂൺ മുതൽ ജനുവരി വരെ. | പിടിഎ, സ്റ്റാഫ് ഫണ്ട്. |
| 8.ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക. | മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുക മലയാളത്തിലെ സാഹിത്യകാരന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകളിലൂടെ ഓർമ്മ പുതുക്കാൻ പ്രയോജനപ്പെടുത്തുക, കുട്ടികളുടെ ചലച്ചിത്രങ്ങളുടെ ആസ്വാദന സംഘടിപ്പിക്കുക. | മലയാളം അധ്യാപിക, ക്ലാസ് ടീച്ചർ..<br>കമ്പ്യൂട്ടർ അധ്യാപകർ. | ജൂൺ മുതൽ മാർച്ച് വരെ | പിടിഎ, സ്റ്റാഫ് ഫണ്ട്. |

| മേഖല : അക്കാദമികം | ഉപമേഖല :ഇംഗ്ലീഷ് | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
| 1)ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | പ്രവർത്തനങ്ങൾ<br>1) പഠനനില കണ്ടെത്തൽ,<br>* പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളുംകണ്ടെത്തുന്നു.<br>* പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ: *)കോപ്പി ബുക്ക് എഴുതിപ്പിക്കുക<br>*) ഇംഗ്ലീഷ് വായിപ്പിക്കുക<br>*) അക്ഷരത്തെറ്റ് കുറയ്ക്കുക<br>*) സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്<br>ഇംഗ്ലീഷ് ലൈബ്രറി ബുക്ക് ഉപയോഗപ്പെടുത്തുക<br>*) ഇംഗ്ലീഷ് അസംബ്ലി<br>*) ഇംഗ്ലീഷ് ഡയറി | ജൂൺ ആദ്യവാരം | ഇംഗ്ലീഷ് അധ്യാപകൻ, PTA | PTA ഫണ്ട്, സ്കൂൾ ഗ്രാന്റ്, |
| 2) കുട്ടികൾക്ക് ഇംഗ്ലീഷ് വൊക്കാബുലറി വർദ്ധിപ്പിക്കൽ. | 2) ഓരോ ദിവസവും പഠന ഭാഗങ്ങളോടൊപ്പം പുതിയ വാക്കുകളും അർത്ഥങ്ങളും പരിചയപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകൻ, PTA | സ്കൂൾ ഗ്രാന്റ് |
| 3) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | 3)*ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് നോട്ടീസ് കാർഡ് തയ്യാറാക്കുക<br>*) ഇംഗ്ലീഷ് ക്ലബ്ബ് വഴി സ്റ്റോറി റൈറ്റിംഗ് പോയം റൈറ്റിംഗ് എസ്സേ റൈറ്റിംഗ് കോമ്പറ്റീഷൻ നടത്തുക<br>*) ഗ്രൂപ്പ് ഡിസ്കഷൻസ് നടത്തുക.<br>*) പഠനഭാഗവുമായി ബന്ധപ്പെട്ട ഇംഗ്ലീഷ് സിനിമയുടെ രംഗങ്ങൾ പ്രദർശിപ്പിക്കുക<br>*) ഇംഗ്ലീഷ് ടെക്സ്റ്റൈൽ ഡിസ്കോഴ്സ് പരിശീലിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചേഴ്സ്, PTA | PTA ഫണ്ട്, സ്കൂകൾ ഗ്രാന്റ്, |
| 4) സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക. | 4) *) സിമ്പിൾ ഗെയിംസ് പരിശീലിപ്പിക്കുക<br>*) ഹിന്ദു ന്യൂസ് പേപ്പറിന്റെ വിദ്യാഭ്യാസ പതിപ്പ് പരിശീലിപ്പിക്കുക.<br>*) ഇംഗ്ലീഷ് ഡിസ്കോഴ്സസ് ചെയ്യിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് വരെ (ക്ലാസ് റൂം പ്രവർത്തനങ്ങൾ) | ടീച്ചേഴ്സ്, PTA | സ്കൂൾ ഗ്രാന്റ് |
| 5) ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക. | 5) *)ഇംഗ്ലീഷ് കവിതകളും സവിശേഷതകളും പങ്കുവയ്ക്കുന്നു<br>*) ബുക്ക് റിവ്യൂസ്<br>*) കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങൾ | ഇംഗ്ലീഷ് ടീച്ചർ | PTA ഫണ്ട്, സ്കൂകൾ ഗ്രാന്റ്, |

| | | | | |
|---|---|---|---|---|
| 6) നാടകീകരണം | ഇംഗ്ലീഷ് അസംബ്ലി ,പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി skit | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ക്ലബ്ബ് | PTA ഫണ്ട്, സ്കൂൾ ഗ്രാന്റ്, |
| 7) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | ഇംഗ്ലീഷ് ഫിലിം കാണാനുള്ള അവസരം ,ICT ക്ലാസ്സ് ഉപയോഗിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ടീച്ചർ, PTA | PTA ഫണ്ട്, സ്കൂൾ ഗ്രാന്റ്, |
| 8) സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ടീച്ചർ, PTA | PTA ഫണ്ട്, സ്കൂൾ ഗ്രാന്റ് |

| മേഖല : അക്കാദമികം | ഉപമേഖല :ഹിന്ദി | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
| 1. ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വർദ്ധിപ്പിക്കുക /പരിശോധന പ്രീ ടെസ്റ്റ് | ഹിന്ദി സംസാരിക്കാൻ അവസരം നൽകുക ദൈനംദിന ക്ലാസ് റൂം സംഭാഷണങ്ങൾ ഗ്രൂപ്പ് ചർച്ചകൾ , പാഠാനുബന്ധ റോൾപ്ലേ ,സ്കിറ്റ് | ജൂൺ – മാർച്ച്, ജൂൺ ആദ്യവാരം | ഹിന്ദി അധ്യാപിക | സ്കൂൾ ഗ്രാൻഡ് |
| 2.ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | ഹിന്ദി പുസ്തക വായന പ്രോത്സാഹിപ്പിക്കുക സർഗാത്മക രചനകൾ ,പത്രം, മാഗസിൻ കുട്ടികളെ കൊണ്ട് തയ്യാറാക്കുക | ജൂൺ – ജനുവരി | ഹിന്ദി അധ്യാപിക, ലൈബ്രേറിയൻ | സ്കൂൾ ഗ്രാൻഡ് പിടിഎ |
| 3.സ്വതന്ത്ര വായനയ്ക്ക് കുട്ടികളെ സജ്ജരാക്കുക | ക്ലാസ് റൂം വായന ,പാഠപുസ്തകം, സാഹിത്യ രചനകൾ ക്ലാസ് റൂം അനുബന്ധ പ്രവർത്തനത്തിന്റെ ഭാഗമായി വായനയിൽ ഉൾപ്പെടുക്ലബ്, ഹിന്ദി ക്ലബ് | ജൂൺ– മാർച്ച് | ഹിന്ദി അധ്യാപിക | സ്കൂൾ റിസോഴ്സ് |
| 4.ഹിന്ദി സാഹിത്യം ആസ്വദിക്കുന്നതിന് അവസരം ഒരുക്കുക | ഹിന്ദി ദിവസങ്ങൾ ആചരിക്കുക. ഹിന്ദി ബ്ലോഗ് തയ്യാറാക്കുക .ഹിന്ദി ഫിലിംസ് കാണാനുള്ള അവസരം നൽകുക ,ഹിന്ദി അസംബ്ലി | ജൂലൈ – മാർച്ച് | ഹിന്ദി അധ്യാപിക, സ്കൂൾ സാങ്കേതിക ടീം | പിടിഎ |
| 5.ഹിന്ദി പഠനത്തിനുള്ള പുതു തന്ത്രങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുക | ഹിന്ദി ഭാഷാ വികസനത്തിനായി ഓഡിയോ വീഡിയോ ഉറവിടങ്ങൾ പ്രയോജനപ്പെടുത്തുക | ജൂൺ – മാർച്ച് | ഹിന്ദി അധ്യാപിക | പിടിഎ |
| 6. ഹിന്ദി ഭാഷാശേഷി വർദ്ധിപ്പിക്കൽ | 6. ക്ലാസ് റൂം പ്രവർത്തനങ്ങൾ .പുതിയ വാക്കുകൾ പരിചയപ്പെടൽ, ക്ലാസ് റൂം സംഭാഷണങ്ങൾ , ക്ലബ്ബ് പ്രവർത്തനങ്ങൾ | 6. ജൂൺ – മാർച്ച് | ഹിന്ദി അധ്യാപിക | സ്കൂൾ ഗ്രാൻഡ് പിടിഎ |

| മേഖല : അക്കാദമികം | ഉപമേഖല :സോഷ്യൽ സയൻസ് | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലാവധി | പിന്തുണ |
| 1 സാമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക. | തെരെഞ്ഞടുപ്പ് പ്രക്രിയ പരിജയ പെടുത്തുന്നു.മോക് പാർലമെന്റ് | SS Tr | ജൂൺ to ഫെബ്രുവരി | SRG, PTA, MPTA |
| 2.ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക | അഗദി മന്ദിര സന്ദർശനം, പൊതിച്ചോറ് വിതരണം | SS,ഗാന്ധി ദർശൻ ക്ലബ്ബുകൾ | ജൂലൈ | PTA, MPTA |
| 3.സമൂഹ ചലനത്തിന്റെ പൊതു സ്വഭാവം വിശകലനം ചെയ്യാനും അതിനുള്ള രീതി ശാസ്ത്രം സ്വായത്തമാക്കാനും സഹായിക്കുക. | ഒപ്പൺ ഫോറം മോഡൽ അവതരണം, പ്രശ്നാവതരണം, ചർച്ച, പരിഹാര മാർഗ്ഗം കണ്ടെത്തു | SS Tr. | ആഗസ്റ്റ് | SRG, PTA, Club. |
| 4.ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക. | ഹിരോഷിമ ദിനാചരണം., നാഗസാക്കി. ഭരണഘടനാദിനാചരണം. | s Tr. | ആഗസ്റ്റ് | PTA, S Club |
| 5.ആധുനിക ആധുനികസാങ്കേതിക വിദ്യ സാമൂഹ്യ ശാസ്ത്രപഠനത്തിൽ പ്രയോജന പ്പെടുത്തൽ | ഡിജിറ്റൽ ആൽബം, പ്രസന്റേഷൻ, വീഡിയോ പ്രദർശ്ശനം, റീൻസ് നിർമ്മാണം. | SS Tr | ഒരു വർഷം | PTA, MPTA |
| 6 പരിസ്ഥിതി പൊതുമുതൽ സംരക്ഷണം | വൃക്ഷ തൈ നടൽ, ജൈവ വൈവിധ്യ ഉദ്യാനം, സെമിനാർ, പൊതു മുതൽ സംരക്ഷിക്കുന്നതിനുള്ള ചാർജ്ജുകൾ വീതി നൽകൽ, വിഡിയോ പ്രദർശനം, ക്ലാസ്സുകൾ | SS Tr. | ഒരു വർഷം | PTA, SRG |
| 7 .സാമൂഹ്യ ശാസ്ത്ര ലാബ്. നിർമ്മാണം | അറ്റ്ലസ്, മഴമാപിനി, ദൂരദർശിനി, വടക്ക് നോക്കിയന്ത്രം, ഡിജിറ്റൽ ലൈബറി, ചാർട്ടുകൾ, ചിത്രങ്ങൾ, GPS, വർക്കിംഗ്, സ്റ്റിൽ മോഡലുകൾ.. | SS Tr. | ഒരു വർഷം | PTA, MPTA, STAFF, |

| മേഖല : അക്കാദമികം | ഉപമേഖല :സയൻസ് | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലാവധി | പിന്തുണ |
| 1.കുട്ടികളിൽ ശാസ്ത്രഅഭിരുചി വളർത്തൽ | 1.ഓരോ മാസത്തിലും ഒരു ശാസ്ത്ര പ്രതിഭ''<br>2.ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കൽ' [സ്കൂൾ അസംബ്ലി,ക്ലബ്ബ് പ്രവർത്തനങ്ങൾ ]<br>3.'മികച്ച പരിക്ഷണങ്ങൾ അവതരിപ്പിച്ച കുട്ടിയെ കണ്ടെത്തുക,പ്രോത്സാഹനം.<br>സ്കൂൾ റേഡിയോ,ഡിജിറ്റൽ പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തുക.<br>4.സ്കൂൾ ശാസ്ത്രമേള സംഘടിപ്പിക്കുക<br>5.ഹരിത സർവ്വേ - സ്കൂളിലെ സസ്യങ്ങളെ അടുത്തറിയാൻ വർഗീകരണം -ശാസ്ത്രീയ നാമം<br>Project -അധ്യാപകന്റെ സഹായത്തോടെ ' | അധ്യാപകർ,ശാസ്ത്ര ക്ലബ്ബ് | 1 വർഷം | PTA |
| 2.അന്വേഷണാത്മക മനോഭാവം വളർത്തിയെടുക്കൽ. | 1.വീട്ടിലെ ശാസ്ത്രം ,അടുക്കളയിലെ രസതന്ത്രം,വീട്ടിലെ രാസപദാർത്ഥങ്ങൾ,രാസ പ്രവർത്തനങ്ങൾ,വിവിധ ഊർജ്ജ രൂപങ്ങൾ,ശാസ്ത്രത്തിൻറെ പ്രായോഗികത,ശാസ്ത്രലോകം - ഡയറി,<br>ഓരോ കുട്ടിയും അവന് ചുറ്റുമുള്ള ശാസ്ത്ര വസ്തുതകൾ നോട്ടുബുക്കിൽ കുറയ്ക്കുക.<br>വിലയിരുത്തപ്പെടുക. | അധ്യാപകർ,ശാസ്ത്ര ക്ലബ്ബ് | 1 വർഷം | |
| 3.അടുത്തറിയാം ശാസ്ത്രബോധം വളർത്താം. | 1.ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടുത്തൽ -ഒരുമാസം ഒരു ശാസ്ത്രജ്ഞൻ<br>2.ഒരു ശാസ്ത്രജ്ഞന്റെ ചിത്രം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്ന ആ പ്രതിഭയെ കുറിച്ചുള്ള വിവരങ്ങൾ കുട്ടികളോട് കണ്ടെത്താൻ ആവശ്യപ്പെടുന്നു.ശരിയായ കണ്ടെത്തലുകൾക്ക് സമ്മാനം,സ്കൂൾ റേഡിയോയുടെ സഹായം പ്രയോജനപ്പെടുത്തുന്നു.<br><br>2.ശാസ്ത്രത്തിന്റെയും സാങ്കേതിവിധിയുടെയും വളർച്ച അടുത്തറിയാൻ പഠനയാത്ര | ശാസ്ത്ര ക്ലബ്ബ്. | 1 വർഷം | |
| 4.ആരോഗ്യസമ്പത്ത് | 1.ശുചിത്വബോധം -ബോധവൽക്കരണ ക്ലാസ്.<br>ഓരോ മാസവും മികച്ച ക്ലാസ് തെരഞ്ഞെടുക്കുന്നു.<br>ലഹരിക്കെതിരെ ബോധവൽക്കരണം.<br>ആരോഗ്യ മേഖലയിലുള്ളവരുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ, സ്കിറ്റ്,വിനോദ വിജ്ഞാന പ്രവർത്തനങ്ങൾ.<br><br>സ്കൂളിൽ ഒരു ഉദ്യാനം പച്ചക്കറി തോട്ടം കുട്ടികളുടെ പങ്കാളിത്തം . | ശാസ്ത്ര അധ്യാപകർ ,ക്ലബ്ബ് പ്രവർത്തകർ | 1 വർഷം | |

| മേഖല : അക്കാദമികം | ഉപമേഖല :ഗണിതം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലാവധി | പിന്തുണ |
| 1.സംഖ്യാബോധം വളർത്തൽ | പ്രൈമറി ക്ലാസുകളിൽ എണ്ണൽ സംഖ്യകൾ ഒറ്റ സംഖ്യകൾ ഇരട്ടസംഖ്യകൾ സംഖ്യ പാറ്റേണുകൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു ആരോഹണക്രമംഅവരോഹണക്രമംഎന്നിവതിരിച്ചറിയുന്നതിനുള്ള പ്രവർത്തനം നൽകുന്നു നിത്യജീവിതത്തിൽ അവർ കൈകാര്യം ചെയ്യുന്ന വസ്തുക്കളുമായി ബന്ധപ്പെടുത്തി സങ്കലനം വ്യവകലനം എന്നിവ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ഗണിത അധ്യാപകർ, | ഒരു വർഷം | BRC |
| 2.അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>നിത്യജീവിതത്തിൽ അവർ കൈകാര്യം ചെയ്യുന്ന വസ്തുക്കളുമായി ബന്ധപ്പെടുത്തി സംഘടന എന്നിവ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ഗണിത അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ജൂൺ ആദ്യവാരം | ടീച്ചേർസ് ഗ്രാൻഡ് |
| 3.ഭിന്നസംഖ്യ എന്ന ആശയം ഉറപ്പിക്കൽ ഗണിത ലാബ് പ്രയോജനപ്പെടുത്തി ഭിന്നസംഖ്യ പരപ്പളവ് ജാമിതീയ രൂപങ്ങൾ ത്രികോണ നിർമിതി തുടങ്ങിയവയിലെ അടിസ്ഥാന ആശയങ്ങൾ പരിചയപ്പെടൽ | ഗണിത ലാബ് പ്രയോജനപ്പെടുത്തുന്നു<br>ക്ലൈനോ മീറ്റർ ഉപയോഗിച്ച് മേൽകോൺ, കീഴ്കോൺ എന്നിവ കണ്ടെത്തി മരങ്ങളുടെ ഉയരം പുഴയുടെ വീതി എന്നിവ കണ്ടെത്തുന്നു | ഗണിത അധ്യാപകർ, SRG | ഒരു വർഷം | PTA |
| 4.അടിസ്ഥാന ജാമിതീയ ആശയങ്ങൾ | അടിസ്ഥാന ജാമിതിയ ആശയങ്ങളായ വശം കോൺ വൃത്തം എന്നിവയുടെ നിർമിതി പരിചയപ്പെടുത്തുന്നു. ഗണിത ക്ലബ്ബ് അവയുടെ നേതൃത്വത്തിൽ നടത്തുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ | ഗണിത അധ്യാപകർ | ജൂൺ ജൂലൈ മാസങ്ങൾ | PTA |
| 5.പരിചയപ്പെടുത്തൽ | ബഹുഭുജങ്ങൾ ഘനരൂപങ്ങൾ പരിചയപ്പെടുത്തൽ<br>പ്രാഥമിക ബീജഗണിത ആശയങ്ങൾ ചരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഗണിതക്രിയ വാചകങ്ങൾ പരിചയപ്പെടുത്തുന്നു | ഗണിത അധ്യാപകർ | ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങൾ | ടീച്ചേർസ് ഗ്രാൻഡ് |
| 6.ഗണിതശാസ്ത്രമേളകളിൽ പങ്കെടുക്കാനുള്ള പ്രാവീണ്യം നേടുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നൽകൽ | ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാത്സ് ക്വിസ് സെമിനാർ പ്രോജക്ട് കൺസ്ട്രക്ഷൻ മോഡൽ ഗണിത മാഗസിൻ ഒറിഗാമി ടാൻഗ്രാം ദിനാചരണങ്ങൾ നടത്തുന്നു | ക്ലബ് സെക്രട്ടറി അധ്യാപകർ PTA | ഒക്ടോബർ നവംബർ മാസങ്ങൾ | PTA |

| | | | | |
|---|---|---|---|---|
| | | | | |
| 7.പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ പ്രവർത്തനങ്ങൾ നൽകൽ | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്വസ്റ്റ്യൻ പൂൾ, വിദ്യാജ്യോതി, ഒരുക്കം എന്നിവയിലെ ചോദ്യങ്ങൾ ചെയ്യിപ്പിക്കുന്നു | ഗണിത അധ്യാപകർ | ഒക്ടോബർ മുതൽ ഫെബ്രുവരി വരെ | |
| 8. ശരാശരിക്കാരെ കണ്ടെത്തി സംഘ പഠനം നടത്തൽ | ശരാശരികാർക്ക് ഗ്രൂപ്പുകളാക്കി പ്രവർത്തനം നൽകുന്നു | ഗണിത അധ്യാപകർ | ഒക്ടോബർ മുതൽ ഫെബ്രുവരി വരെ | |
| 9.സാധ്യമായ മേഖലകളിൽ ഐ സി ടി പ്രയോജനപ്പെടുത്തൽ | പ്രവർത്തനങ്ങൾ ഐസിടി ഉപയോഗിച്ച് കുട്ടികളിൽ എത്തിക്കുന്നു | ഗണിത അധ്യാപകർ | എല്ലാ മാസവും | PTA |

| മേഖല : അക്കാദമികം | ഉപമേഖല :ഐ ടി | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലാവധി | പിന്തുണ |
| 1. ഡിജിറ്റൽ വെയിന്റിംഗിന് കുട്ടികളെ പ്രാപ്തരാക്കുക.<br>പ്രവർത്തനം | IT ക്ലബ്ബിന്റെ കീഴിൽ ഡിജിറ്റൽ പരിശീലനം | IT Tr | 6 മാസം | PTA |
| 2. മലയാളം ടൈപ്പിംഗ്<br>പ്രവർത്തനം | മലയാളം typing പരിശീലനം, മത്സരങ്ങൾ | IT Club | 6 മാസം | PTA,IT club |
| 3.IT മത്സര പരീഷകളിൽ പ്രാവീണ്യം നേടുക | IT. ക്വിസ് കുട്ടികളെ പരിശീലിപ്പിക്കുക | SITC | ഒരു വർഷം | PTA,MPT4A |
| 4.പവർപോയിന്റ് പ്രസന്റേഷനിൽ പ്രാവീണ്യം നേടുക. | പ്രസന്റേഷൻ തയ്യാറാക്കുന്നതിനുള്ള പരിശീലനം | SITC,PSITC | 2 മാസം | PTA,STAFF |
| 5.ചിന്താശേഷി വർധിപ്പിക്കുന്നതിന് തയ്യാറാക്കുക | കളിപ്പെട്ടിയിലൂടെ കുട്ടികളുടെ കൂട്ടലിനും കുറക്കലിനും വരയ്ക്കാനും ചിന്തിക്കാനും ഉള്ള പ്രവർത്തനങ്ങൾ നൽകൽ | ക്ലാസ് ടീച്ചർ | 6.മാസം | BRC, PTA, MPTA |
| 6.IT അധിഷ്ഠിത വിദ്യാഭ്യാസം മികവുറ്റതാക്കൽ, | സ്മാർട്ട് ക്ലാസ് റൂമിലൂടെ കുട്ടികളെ IT അധിഷ്ഠിത പാഠഭാഗങ്ങൾ കൈകാര്യം ചെയ്ത് ചെയ്ത് വളരെ വേഗം പാഠ്യ മേഖല കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു. | Teachers<br>SITC<br>PSITC | ഒരു വർഷം | PTA, MPTA, SMC |
| 7.ഡിജിറ്റൽ അച്ചടക്കം | ചർച്ച, ബോധവത്ക്കരണ ക്ലാസ്, വീഡിയോ പ്രദർശനം | Teachers<br>SITC<br>PSITC | ജൂൺ to ഫെബ്രുവരി | IT, Club, SITC, P SITC |
| 8.IT. പഠിതാവ് സാമൂഹ നന്മയ്ക്ക് | പഠന കേന്ദ്രങ്ങളിൽ പരിശീലനം സാധ്യമാക്കുക, സോഫ്റ്റ് വെയർ ഇൻസ്റ്റാലേഷൻ, സൈബർ സുരക്ഷാ ബോധത്ക്കരണ ക്ലാസ്,കമ്പ്യൂട്ടറിലേയും ഫോണിലേയും അത്യാവശ്യം ശ്യം ഞ്ഞിരിക്കേണ്ട സോഫ്റ്റ് വെയർ പരിജയപെടുത്തൽ, എന്നിവ. | ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ | ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ | IT, Club, SITC, P SITC |

| മേഖല :അക്കാദമികം | | ഉപമേഖല :കായികം | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലാവധി | പിന്തുണ |
| 1.കായികപരമായ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക. കായികപഠന ശേഷി കൊണ്ട് സാമൂഹ്യമുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.കായികലഹരിയാണ് യഥാർത്ഥ ലഹരിയെന്ന ബോധം കുട്ടികളിൽ വളർത്തുക. | അത്‌ലറ്റിക്സ്,, ഫുട്ബോൾ ഹാൻഡ് ബോൾ സോഫ്റ്റ്ബാൾ എന്നീ ഗെയിമുകൾ | കായിക അധ്യാപകൻ | മൂന്നുവർഷം | പിടിഎ,സ്റ്റാഫ് |
| 2.വിനോദങ്ങളിൽ പങ്കെടുക്കാനും ആസ്വദിക്കാനുമുള്ള കഴിവ്, മനോഭാവം എന്നിവ കുട്ടികളിൽ വിജയിപ്പിക്കുക. | 2. വിവിധതരം കളികൾ ( കസേരകളി, മിഠായി പെറുക്കൽ ' ഓട്ടം, ചാട്ടം തുടങ്ങിയ നാടൻ കളികൾ | കായിക അധ്യാപകൻ,ക്ലാസ് ടീച്ചർ | രണ്ടുവർഷം | പിടിഎ,സ്റ്റാഫ് |
| 3.അംഗപരിമിതരും ബുദ്ധിവൈകല്യമുള്ളവരെയും കൂടി കായികലോകത്തേയ്ക്ക് കൊണ്ടുവരിക. | ഗെയിമുകൾ( സ്പെഷ്യൽ സ്റ്റുഡൻസ്) | 3. കോച്ച്, IED students (game) പിടി ടീച്ചർ | മൂന്നുവർഷം | പിടിഎ |

| മേഖല :അക്കാദമികം | | | ഉപമേഖല :കായികം | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലാവധി | പിന്തുണ |
| 1.ആരോഗ്യ ശീലങ്ങളും ആരോഗ്യ സംരക്ഷണ മനോഭാവവും വികസിപ്പിക്കൽ | സ്കൂൾഅസംബ്ലിയിൽആരോഗ്യസംബന്ധമായിവരുന്നവാർത്തകൾ വായിക്കുന്നു<br>1. ദിനാചരണങ്ങൾ<br>2. ബോധവൽക്കരണ ക്ലാസുകൾ<br>3. പോസ്റ്റർ നിർമ്മാണം | ക്ലാസ് അധ്യാപകൻ<br>പിടി ടീച്ചർ<br>ഹെൽത്ത് ക്ലബ്ബ് | ദീർഘകാലം | പിടിഎ<br>പ്രാഥമിക ആരോഗ്യ കേന്ദ്രം |
| 2.ആരോഗ്യം വ്യായാമം കായിക ക്ഷമത പരസ്പര സഹകരണം | വ്യായാമം ചെയ്യിപ്പിക്കൽ<br>സുംബാ ഡാൻസ്<br>ആരോഗ്യ ക്ലാസ്സ്<br>വീഡിയോ പ്രദർശനം<br>സ്കൂൾ കായികമേള | ക്ലാസ് അധ്യാപകൻ<br>പിടി ടീച്ചർ<br>ഹെൽത്ത് ക്ലബ്ബ് | ജൂൺ<br>ജനുവരി | പിടിഎ |

മനുഷ്യനെ മനുഷ്യത്വ മുള്ളവന്ന മഹാ പ്രക്രിയ ആണ് വിദ്യാഭ്യാസം. നമ്മുടെ ഈ പ്രേദേശത്തെ മുഴുവൻ കുട്ടികളേയും അക്കാദമികമായി മുന്നേറുവാൻ സഹായിക്കുന്ന തരത്തിലാണ് ഇതു തയ്യാറാക്കിയിരിക്കുന്നത്. ഇതു നമ്മുടെ വിദ്യാലയത്തിന്റെ മികവിനുള്ള ഉപകരണം ആയി മാറട്ടെ.. ഇതു തയ്യാറാക്കാൻ സഹായിച്ച ബഹുമാന്യയായ ഹെഡ് മിസ്ട്രെസ്സ്, അധ്യാപകർ, അനധ്യാപകർ തുടങ്ങി എല്ലാരോടും ഉള്ള നന്ദി അറിയിക്കുന്നു.